# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3968      20.07.2015-ൽ മറുപടിയ്ക്ക്

## റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എൻ.എ.ഖാദർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡുകൾ കേബിളുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി വെട്ടിപൊളിക്കുന്നത്, പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ യഥാസമയം പൂർവ്വസ്ഥിതിയിലാക്കാത്തവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) റോഡുകളിൽ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായാൽ ഉടൻ തന്നെ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതാണ്. ഇതിനായി സമയ പരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് ; | (ബി) കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായാൽ ഉടൻ റോഡ് പൂർവ്വസ്ഥിതിയിൽ പുന:സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ടെണ്ടർ ചെയ്തു അംഗീകരിച്ച് കരാറുകാരനെ ഏൽപിച്ച് പൂർത്തീകരിക്കുന്നതാണ്, നിലവിലെ നടപടി ക്രമം. ഈ നടപടിക്രമങ്ങളെല്ലാം ത്വരിതപ്പെടുത്തുന്നതിനു എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) മഴക്കാലത്തും മറ്റും റോഡുകളിൽ രൂപപ്പെടുന്ന ചെറിയ ഗർത്തങ്ങൾ യഥാസമയം അറ്റകുറ്റപ്പണി നടത്താത്തത് റോഡുകൾ പൂർണ്ണമായി തകരുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതാണ്. |
| (ഡി) മഴക്കാലത്തും മറ്റും മണ്ണും ചെളിയും റോഡിലേയ്ക്കിറങ്ങി വാഹനങ്ങൾ അപകടത്തിൽപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ അത് നീക്കം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) നിലവിലെ നിർദ്ദേശമനുസരിച്ച് സെക്ഷനിലെ ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന റോഡുകൾ നിരന്തരമായി നിരീക്ഷിച്ച് വാഹനങ്ങൾക്ക് അപകടമുണ്ടാകുന്ന രീതിയിലുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ അത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**